LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ആലപ്പുഴ ജില്ലയിലെ കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യുക്കേഷന്റെ (കേപ്പ്) കീഴിലുള്ള പുന്നപ്ര സഹകരണ ആശുപത്രിയിൽ 28.02.2011 മുതൽ 23-5-2011 വരെയുള്ള കാലയളവിൽ 1-3-2011-ലെ എക്സിക്യൂട്ടീവ് തീരുമാനത്തിന് വിരുദ്ധമായി അനധികൃതമായി 185 കരാർ ജീവനക്കാരുടെ കരാർ നീട്ടിക്കൊടുത്തതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് അന്വേഷണം നടത്തുകയും (വി.ഇ. 02/2014/എ.എൽ.പി.) ടി വിജിലൻസ് അന്വേഷണത്തിൽ മുൻ കേപ്പ് ഡയറക്ടർ ശ്രീ. റിജി. ജി. നായർക്കെതിരായി പ്രഥമദൃഷ്ട്യാ ആരോപണം തെളിയിക്കപ്പെട്ടതിനാൽ ഒരു വിജിലൻസ് കേസ് (വി.സി. 13/2015/എ.എൽ.പി.) രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസന്വേഷണം പുരോഗമിച്ചുവരുന്നു.

വിജിലൻസിനെ ശക്തിപ്പെടുത്താനുള്ള നടപടികൾ

255 (3767) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിജിലൻസ് അന്വേഷണ വിഭാഗത്തെ ശക്തിപ്പെടുത്താൻ എന്ത നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

വിജിലൻസ് അന്വേഷണങ്ങളും കേസുകളും ത്വരിതപ്പെടുത്തുന്നതിനായി എല്ലാ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമാർക്കും പകുതിയിലധികം പോലീസ് ഇൻസ്പെക്ടർമാർക്കും ലാപ്ടോപ് കമ്പ്യൂട്ടറുകൾ നൽകുകയും അന്വേഷണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നൂതന അന്വേഷണോപകരണങ്ങൾ എല്ലാ ജില്ലാ ഓഫീസുകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്. ബ്യൂറോയിലെ പോലീസ് ഇൻസ്പെക്ടർമാർക്കും അതിനുമുകളിലുള്ള ഉദ്യോഗസ്ഥർക്കും പ്രോത്സാഹനമെന്ന നിലയിൽ ബാഡ്ജ് ഓഫ് ഓണർ ബഹുമതി നൽകിവരുന്നുണ്ട്. കൂടാതെ അന്വേഷണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത മെച്ചപ്പെടുത്തുവാൻ സി.ബി.ഐ. ടെയിനിംഗ് ഉൾപ്പെടെയുള്ള ആവശ്യമായ പ്രത്യേക പരിശീലനവും നൽകിവരുന്നുണ്ട്.

ഹാൻടെക്സിലെ ജീവനക്കാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം

256 (3768) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സ്വദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിലെ ഏതെങ്കിലും ജീവനക്കാർക്കെതിരെ വിജിലൻസ് അന്വേഷണം നടന്നു വരുന്നുണ്ടോ;